**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1728** **04-02-2026 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ കൃഷിഭവൻ ജീവനക്കാരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി, തിരൂരങ്ങാടി, നന്നമ്പ്ര, തെന്നല, പെരുമണ്ണ-ക്ളാരി, എടരിക്കോട് എന്നീ കൃഷിഭവനുകളിൽ നിലവിലുള്ള തസ്തികകൾ ഏതെല്ലാമാണ്; വിശദമാക്കാമോ; | (എ) | **അനുബന്ധം I ആയി ചേർത്തിരിക്കുന്നു.** |
| (ബി) | ഈ തസ്തികകളിൽ ഏതെല്ലാം തസ്തികകളിൽ സ്ഥിരം ജീവനക്കാരുണ്ട്; ഏതെല്ലാം തസ്തികകൾ ജീവനക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുന്നുണ്ട്; വിശദമാക്കാമോ; | (ബി) | **തിരൂരങ്ങാടി, പെരുമണ്ണക്ലാരി, എടരിക്കോട് എന്നീ കൃഷി ഭവനുകളിൽ എല്ലാ തസ്തികകളിലും സ്ഥിരം ജീവനക്കാരുണ്ട്. ജീവനക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.** |
| (സി) | പ്രസ്തുത കൃഷിഭവനുകളിൽ ജീവനക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ സ്ഥിരം ജീവനക്കാർ ഇല്ലാതായിട്ട് എത്ര കാലമായെന്നും; ഒഴിവ് നിലവിൽ വന്ന തീയതിയും തസ്തികകളും കൃഷിഭവനുകളും ഇനം തിരിച്ച് വിശദമാക്കാമോ; | (സി) | **അനുബന്ധം III ആയി ചേർത്തിരിക്കുന്നു.** |
| (ഡി) | ജീവനക്കാരെ നിയമിക്കുന്നതിനു തിരൂരങ്ങാടി നിയമസഭാംഗം നൽകിയ കത്ത് പ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (ഡി) | നന്നമ്പ്ര കൃഷി ഭവനിലെ തസ്തികകൾ നികത്തുന്ന വിഷയം ബഹു. എം എൽ എ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പൊതുസ്ഥലം മാറ്റത്തെതുടർന്ന് അധികം നിൽക്കുന്ന കൃഷി അസിസ്റ്റന്റുമാരെ ഒഴിവുള്ള മറ്റു കൃഷിഭവനുകളിലേയ്ക്ക് ക്രമീകരിച്ച് പുറപ്പെടുവിച്ച 23/10/2025 ലെ ADFW/11830/2025 - SE3 ഉത്തരവ് പ്രകാരം, തുക്കലങ്ങോട് കൃഷിഭവനിൽ അധികമുള്ള കൃഷി അസിസ്റ്റന്റ് ശ്രീ മധു കെ.-യെ നന്നമ്പ്ര കൃഷിഭവനിലേക്ക് നിയമിച്ചിരുന്നു. എന്നാൽ, കൃഷി അസിസ്റ്റന്റ് ശ്രീ.മധു കെ. ഫയൽ ചെയ്ത OA (EKM) 1648/2025 കേസിലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ അനുവദിച്ചതിനാൽ ടിയാൻ തുക്കലങ്ങോട് കൃഷിഭവനിൽ തുടരുകയാണ്. കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റിന്റെ ആവശ്യകത പരിഗണിച്ച് വള്ളിക്കുന്ന് കൃഷിഭവനിൽ നിന്നും ഒരു കൃഷി അസിസ്റ്റന്റിനെ |

| | | | |
|---|---|---|---|
| | | | നന്നമ്പ്ര കൃഷിഭവനിലേയ്ക്ക് താത്കാലികമായി ജോലിക്രമീകരണ വ്യവസ്ഥയിൽ നിലവിൽ നിയമിച്ചിട്ടുണ്ട്.<br><br>ടി കൃഷിഭവനിലെ അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി, തിരൂരങ്ങാടി, നന്നമ്പ്ര, തെന്നല, പെരുമണ്ണക്ലാരി, എടരിക്കോട് എന്നീ കൃഷിഭവനുകളിൽ നിലവിലുള്ള തസ്തികകൾ

| **ക്രമ നം.** | **കൃഷിഭവൻ** | **നിലവിലുള്ള തസ്തികകൾ** |
|---|---|---|
| 1 | പരപ്പനങ്ങാടി | കൃഷി ഓഫീസർ –1,<br>അസിസ്റ്റന്റ് കൃഷി ഓഫീസർ–1,<br>കൃഷി അസിസ്റ്റന്റ്–2,<br>കാഷ്വൽ സ്വീപ്പർ–1 |
| 2 | തിരൂരങ്ങാടി | കൃഷി ഓഫീസർ–1,<br>അസിസ്റ്റന്റ് കൃഷി ഓഫീസർ–1,<br>കൃഷി അസിസ്റ്റന്റ്–2,<br>കാഷ്വൽ സ്വീപ്പർ–1 |
| 3 | നന്നമ്പ്ര | കൃഷി ഓഫീസർ–1,<br>അസിസ്റ്റന്റ് കൃഷി ഓഫീസർ–1,<br>കൃഷി അസിസ്റ്റന്റ്–2,<br>കാഷ്വൽ സ്വീപ്പർ–1 |
| 4 | തെന്നല | കൃഷി ഓഫീസർ–1,<br>കൃഷി അസിസ്റ്റന്റ്–2,<br>പാർട്ട് ടൈം സ്വീപ്പർ–1 |
| 5 | പെരുമണ്ണക്ലാരി | കൃഷി ഓഫീസർ–1,<br>അസിസ്റ്റന്റ് കൃഷി ഓഫീസർ–1,<br>കൃഷി അസിസ്റ്റന്റ്–1 |
| 6 | എടരിക്കോട് | കൃഷി ഓഫീസർ–1,<br>കൃഷി അസിസ്റ്റന്റ്–2 |

**അനുബന്ധം II**

തിരൂരങ്ങാടി, പെരുമണ്ണക്ലാരി, എടരിക്കോട് എന്നീ കൃഷി ഭവനുകളിൽ ജീവനക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ വിശദാംശങ്ങൾ

| **ക്രമ നമ്പർ** | **കൃഷി ഭവൻ** | **ജീവനക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ** |
|---|---|---|
| 1 | പരപ്പനങ്ങാടി | അസിസ്റ്റന്റ് കൃഷി ഓഫീസർ–1 |
| 2 | നന്നമ്പ്ര | അസിസ്റ്റന്റ് കൃഷി ഓഫീസർ–1,<br>കൃഷി അസിസ്റ്റന്റ്–1 |
| 3 | തെന്നല | പാർട്ട് ടൈം സ്വീപ്പർ–1 |

**അനുബന്ധം III**

കൃഷി ഭവനുകളിലെ ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ

<table>
<tr><th>ക്രമ നമ്പർ</th><th>കൃഷി ഭവൻ</th><th>ഒഴിവ് നിലനിൽക്കുന്ന തസ്തിക</th><th>ഒഴിവ് നിലവിൽ വന്ന തീയതി</th></tr>
<tr><td>1</td><td>പരപ്പനങ്ങാടി</td><td>അസിസ്റ്റന്റ് കൃഷി ഓഫീസർ</td><td>31.07.2025</td></tr>
<tr><td rowspan="2">2</td><td rowspan="2">നന്നമ്പ്ര</td><td>അസിസ്റ്റന്റ് കൃഷി ഓഫീസർ</td><td rowspan="2">03.10.2025</td></tr>
<tr><td>കൃഷി അസിസ്റ്റന്റ്</td></tr>
<tr><td>3</td><td>തെന്നല</td><td>പാർട്ട് ടൈം സ്വീപ്പർ</td><td>11.03.2022</td></tr>
</table>